"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - എറണാകുളം കോതമംഗലം പാവനാത്മ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിലുള്ള കോതമംഗലം സെന്റ് അഗസ്റ്റിൻ ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.ടി (ഹിന്ദി) തസ്തികയിലെ നിയമനത്തിനുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയെ അനുവദിച്ചും, മാനേജർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C)No.36746/2025 മേലുള്ള വിധിന്യായം നടപ്പിലാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു,

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.10296/2025/GEDN തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:- 1) സ.ഉ. (സാധാ) നം.4048/2025/പൊ.വി.വ. തീയതി 20.06.2025

2) WP(C) 36746/2025 മേലുള്ള 07.10.2025 ലെ വിധിന്യായം.

3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.11.2025 ലെ എച്ച്.എസ്.ഇ/14225/2025-എ.സി.ഡി.സി1 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കോതമംഗലം പാവനാത്മ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിലുള്ള കോതമംഗലം സെന്റ് അഗസ്റ്റിൻ ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി (ഹിന്ദി) തസ്തികയിലെ ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള സെലക്ഷൻ കമ്മിറ്റിയിൽ സർക്കാർ പ്രതിനിധിയെ അനുവദിക്കുന്നതിനുള്ള മാനേജരുടെ അപേക്ഷ എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ശിപാർശ ചെയ്യാത്തതിനെതിരെ മാനേജർ ബഹു. ഹൈക്കോടതിയിൽ WP(C)No.36746/2025 പ്രകാരം കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതി, മാനേജർ സമർപ്പിച്ചിട്ടുള്ള അപേക്ഷ രണ്ടാഴ്ചയ്ക്കുള്ളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുന്നതിന് എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്കും, ആയത് പരിശോധിച്ച് നാലാഴ്ചയ്ക്കുള്ളിൽ സർക്കാരിൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും, തുടർന്ന് നാലാഴ്ചയ്ക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിനും നിർദ്ദേശം നൽകി പരാമർശം (2) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്.

2. വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കോതമംഗലം പാവനാത്മ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിലുള്ള സെന്റ് അഗസ്റ്റിൻ ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി (ഹിന്ദി) തസ്തികയിൽ നിയമനം നടത്തുന്നതിനായുള്ള സെലക്ഷൻ കമ്മിറ്റിയിലേയ്ക്ക് സർക്കാർ പ്രതിനിധിയായി പരാമർശം (1) സർക്കാർ ഉത്തരവിലെ പാനലിൽ ഉൾപ്പെട്ട ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയും കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ ഫിനാൻസ് കം അക്കൗണ്ട്സ് ഓഫീസറുമായ ശ്രീ.സി.അജയകുമാർ നെ നിയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം

ലഭ്യമാക്കുകയുണ്ടായി.

3. സെന്റ് അഗസ്റ്റിൻ കോതമംഗലം, സെന്റ് അഗസ്റ്റിൻ മൂവാറ്റുപുഴ എന്നിവകോതമംഗലം പാവനാത്മ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിലുള്ള രണ്ട് സ്കൂളുകളാണ്. ഭിന്നശേഷി വിഭാഗത്തിലെ ഒരു സീനിയർ അധ്യാപിക നിലവിൽ ടി മാനേജ്മെന്റിന് കീഴിൽ സേവനമനുഷ്ഠിക്കുന്നുണ്ടെന്നും മാനേജർ എച്ച്.എസ്.എസ്.ടി (കെമിസ്ട്രി) തസ്തികയിലെ ഒഴിവിൽ ഭിന്നശേഷി നിയമനം നടത്തിയിട്ടുണ്ടെന്നും ആർ.ഡി.ഡി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ അക്കാഡമിക് വർഷത്തിൽ 3 ഒഴിവുകൾ ഉണ്ടായതിൽ ഒരെണ്ണത്തിൽ ബൈ ട്രാൻസ്ഫർ (എച്ച്.എസ്.എസ്.ടി-ഇംഗ്ലീഷ്) മുഖേനയും ഒരെണ്ണത്തിൽ എച്ച്.എം ൽ നിന്നും പ്രിൻസിപ്പലിലേയ്ക്കുള്ള ബൈ പ്രൊമോഷൻ (എച്ച്.എസ്.എസ്.ടി-മലയാളം) മുഖേനയും നിയമനം നടത്തിയിട്ടുമുണ്ട്. ശ്രീ.റെജി ജോൺ, എച്ച്.എസ്.എസ്.റ്റി (ഹിന്ദി) 31.03.2024 ന് വിരമിച്ച ഒഴിവിലേയ്ക്ക് നേരിട്ട് നിയമനം നടത്താവുന്നതാണെന്നും, എച്ച്.എസ്.ടി/യു.പി.എസ്.ടി/ എൽ.പി.എസ്.ടി മാരുടെ സീനിയോരിറ്റി ലിസ്റ്റ് പരിശോധിച്ചതിൽ യോഗ്യതയുള്ളവർ ഉള്ളതായി കാണുന്നില്ലെന്നും ആയതിനാൽ ടി ഒഴിവ് നേരിട്ടുള്ള നിയമനം വഴി നടത്താവുന്നതാണെന്നും ആർ.ഡി.ഡി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എച്ച്.എസ്.എസ്.ടി (ഹിന്ദി) തസ്തികയിലെ നിയമനത്തിന് സർക്കാർ നോമിനിയായി നിയോഗിക്കുന്നതിനായി ശ്രീ.സി.അജയകുമാർ, ജോയിന്റ് സെക്രട്ടറി, സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒഴിവ് സംജാതമായിട്ടുള്ള സാഹചര്യത്തിലും, തസ്തികമാറ്റ നിയമനത്തിന് യോഗ്യതയുള്ള അധ്യാപകർ ഇല്ലാത്ത സാഹചര്യത്തിലും കോതമംഗലം സെന്റ് അഗസ്റ്റിൻ ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.ടി (ഹിന്ദി) തസ്തികയിലെ ഒഴിവിലേയ്ക്ക് ഭിന്നശേഷി സംവരണം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങളുടെയും കെ.ഇ.ആർ അധ്യായം XXXII ലെ ചട്ടങ്ങളും പാലിച്ച് നിയമനം നടത്തുന്നതിനായുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ നോമിനിയായി പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച പാനലിൽ 18-ാം ക്രമനമ്പരായി പേര് ഉൾപ്പെട്ടിട്ടുള്ള ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയും കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ ഫിനാൻസ് കം അക്കൗണ്ട്സ് ഓഫീസറുമായ ശ്രീ.സി.അജയകുമാർ നെ അനുവദിച്ചും അപ്രകാരം പരാമർശം (2) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. കെ.ഇ.ആർ അദ്ധ്യായം XXXII ലെ ചട്ടങ്ങൾ, ഒഴിവുകൾ സംബന്ധിച്ച കൃത്യത, ഭിന്നശേഷി സംവരണം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചിട്ടുണ്ടെന്ന് നിയമനാംഗീകാരം നൽകുന്നതിന് മുൻപ് എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

6. സെലക്ഷൻ പ്രക്രിയ സംബന്ധിച്ചുള്ള റിപ്പോർട്ട് ഇന്റർവ്യൂ തീയതി മുതൽ 15 ദിവസത്തിനകം സർക്കാർ പ്രതിനിധി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANIL KUMAR D

അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, എറണാകുളം.
മാനേജർ, പാവനാത്മ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, CMC പ്രൊവിൻഷ്യൽ ഹൗസ്, കോഴിപ്പിള്ളി, കോതമംഗലം, എറണാകുളം-686 691.
ശ്രീ.സി.അജയകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്.
(O/D as ഫിനാൻസ് കം അക്കൗണ്ട്സ് ഓഫീസർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ, കളമശ്ശേരി, എറണാകുളം)
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 17-12-2025 08:43:23
സെക്ഷൻ ഓഫീസർ